**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 40

**04/02/2013 - ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എളമരം കരീം<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. വി. ശിവൻകുട്ടി | ബഹു. മുഖ്യമന്ത്രി<br>ശ്രീ. **ഉമ്മൻ ചാണ്ടി** |
| (എ) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിനെതിരെ സംസ്ഥാനത്ത് നടന്ന അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പണിമുടക്കിനാധാരമായി ഉന്നയിക്കപ്പെട്ട ആശങ്കകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | ദേശീയ പെൻഷൻ സമ്പ്രദായം സംസ്ഥാനത്ത് നടപ്പാക്കരുതെന്ന ആവശ്യമാണ് പണിമുടക്കിനാധാരമായി പ്രധാനമായും ഉന്നയിച്ചത്. |
| (ബി) | സർക്കാർ ഇപ്പോൾ പുറപ്പെടുവിച്ച ഉത്തരവിൽ നിലവിലുള്ള ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിർത്തുമെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; | ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 01.04.2013 മുതൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മാത്രമാണ് ദേശീയ പെൻഷൻപദ്ധതി ബാധകമാക്കിയിട്ടുള്ളത്. |
| (സി) | മിനിമം പെൻഷനെ സംബന്ധിച്ച് എന്ത് ഉറപ്പാണ് ഉത്തരവിലൂടെ നൽകിയിരിക്കുന്നത്; | മിനിമം റിട്ടേൺ, EPF നിരക്കിനേക്കാൾ കുറവ് വരാൻ പാടില്ല എന്ന് പാർലമെൻററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. PFRDA ബിൽ നിയമമാകുമ്പോൾ ഒരു Assured Return Scheme ഉണ്ടാകും |
| (ഡി) | നിക്ഷേപത്തിനുള്ള സുരക്ഷിതത്വം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടോ; | |

| | | |
|---|---|---|
| (ഇ) | പെൻഷൻ ഫണ്ടിൽ തത്പരരായ കമ്പോളശക്തികൾക്ക് വേണ്ടി നിലവിലുള്ള ജീവനക്കാരെയും ഭാവി തലമുറയെയും ഒരുപോലെ വഞ്ചിതരാക്കാനാണീ നടപടികൾ എന്ന ആക്ഷേപം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | സമൂഹത്തിലെ ഓരോ തലമുറയും ഉപയോഗിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം അടുത്ത തലമുറയുടെ ബാധ്യതയാക്കി മാറ്റാൻ പാടില്ല എന്ന പൊതുതത്വമാണ് ദേശീയ പെൻഷൻ പദ്ധതിയുടെ അടിസ്ഥാന പ്രമാണം. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-2002 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിൽ നിലവിലുള്ള പെൻഷൻകാർക്കും ജീവനക്കാർക്കും ഭാവിയിലെ ജീവനക്കാർക്കും ഭാവിയിലും പെൻഷൻ ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടുകൂടി ദീർഘ വീക്ഷണത്തോടെയാണ് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ടി പദ്ധതിയിൽ നിന്നും പിൻമാറാനുള്ള യാതൊരു സാഹചര്യവും നിലവിലില്ല. |
| (എഫ്) | പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ധൃതിപിടിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; പദ്ധതിയിൽ നിന്ന് സർക്കാർ പിൻമാറുമോ? | |

Bijarani

സെക്ഷൻ ഓഫീസർ.